കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നടുവിൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.13/124/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയതി :12.06.2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
നടുവിൽ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : നടുവിൽ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-31, 1-32 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.13/124/2020.

തീയതി: 12.06.2020.

# കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 3.2.2019മുതൽ 19.1.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ശശികുമാർ.എം.പി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20.01.2020 മുതൽ 03.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | 1)ശ്രീ.ഷൈജു മാത്യു<br>അസി.ഓഡിറ്റ് ഓഫീസർ. |
| | | 2)ശ്രീ.ഷഹീൻ പി,<br>അസി.ഓഡിറ്റ് ഓഫീസർ |
| | | 3)ശ്രീമതി.സബിത കെ, ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ബിന്ദുബാലൻ | 01/04/2018 മുതൽ 31/03/2019 വരെ |
| സെക്രട്ടറി | : | ശ്രീ.റോബർട്ട് ജോസഫ്. | 01/04/2018 മുതൽ 15/04/2018 വരെ,<br>07/05/2018 മുതൽ 28/06/2018 വരെ |
| | | ശ്രീ.വിനോദ് കുമാർ.എം | 16/04/2018 മുതൽ 02/05/2018 വരെ |
| | | ശ്രീ.ശിഹാബ്.എം | 03/05/2018 മുതൽ 06/05/2018 വരെ<br>29/06/2018 മുതൽ 19/10/2018 വരെ, |
| | | ശ്രീ. ദിനേശൻ കെ. | 20/10/2018 മുതൽ 31/03/2019 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ.</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ഡിക്സൺ ദേവസി | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.കെ.സി.മോഹനൻ | 01/04/2018 മുതൽ 31/03/2019 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.മന ശേഖർ | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ലീല.എം.വി | 01/04/2018 മുതൽ 31/03/2019 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.മേരി.കെ.വി | 01/04/2018 മുതൽ 31/03/2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.രസ്നാസദൻ | 01/04/2018 മുതൽ 14/01/2019 വരെ |
| | ശ്രീമതി.റോഷ്നി ഊരാളക്കണ്ടി | 15/01/2019 മുതൽ 31/03/2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ദീപാ ജോസ് | 01/04/2018മുതൽ 31/03/2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വിപിൻ അനിയേരി | 01/04/2018 മുതൽ 26-11-2018 FN |
| | ശ്രീ.ഗണേഷ്.എം.റ്റി | 26/11/2018ANമുതൽ 04/12/2018വരെ |
| | ശ്രീമതി.ഷംന ഉണ്ണികൃഷ്ണൻ | 5.12.2018 മുതൽ 26.12.2018 വരെ |
| | ശ്രീ.സജീവൻ കൈതച്ചാൽ (അഡിഷണൽചാർജ്ജ്) | 27/12/2018 മുതൽ 11/03/2019 FNവരെ |
| | | |

| | | |
|---|---|---|
| | ശ്രീ.ജിതിൻ ബോസ് | 11/03/2019ANമുതൽ 31/03/2019വരെ |
| വി.ഇ.ഒ | ശ്രീ.ഗോപി.പി.ആർ<br>(നടുവിൽ സർക്കിൾ) | 01/04/2018 മുതൽ 30/09/2018 വരെ |
| | ശ്രീ.റനീഷ് കുമാർ.എ<br>(നടുവിൽ സർക്കിൾ) | 01/10/2018 മുതൽ 31/03/2019 വരെ |
| | ശ്രീ.രഞ്ജിത്ത് കുമാർ.വി.ആർ (വെള്ളാട് സർക്കിൾ) | 01/04/2019 മുതൽ 18/01/2019 വരെ |
| | ശ്രീ. റനീഷ് കുമാർ എ. (നടുവിൽ സർക്കിൾ) | 19/01/2019 മുതൽ 07/02/2019 വരെ (വെള്ളാട് ചാർജ് ) |
| | ശ്രീ.അജീഷ്.എം.വി<br>(വെള്ളാട് സർക്കിൾ) | 08/02/2019 മുതൽ 31/03/2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തികവിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികധനകാര്യപത്രികയിലെ അപാകങ്ങൾ | 1-11 |
| 12 | എഫ്.ടി.ഇ & ഒ.എസ്. ലൈസൻസ് അപാകങ്ങൾ | 1-12 |
| 13 | വസ്തുനികുതി അപാകങ്ങൾ | 1-13 |
| 14 | തൊഴിൽനികുതി അപാകങ്ങൾ | 1-14 |
| 15 | ശമ്പളനിർണ്ണയ കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ | 1-15 |
| | | |

| | | |
|---|---|---|
| 16 | ക്ഷാമബത്ത കുടിശ്ശിക- രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-16 |
| 17 | എസ്.എൽ.ഐ, ജി.ഐ.എസ് വരിസംഖ്യ-സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-17 |
| 18 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ | 1-18 |
| 19 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകങ്ങൾ. | 1-19 |
| 20 | ബിൽ സമയബന്ധിതമായി സമർപ്പിച്ചില്ല-13,45,421 രൂപയുടെ വരവ് നഷ്ടം. | 1-20 |
| 21 | പത്രപരസ്യത്തിന് അധികം നിരക്ക്. | 1-21 |
| 22 | തൊഴിൽരഹിത വേതനം 35 വയസ്സിന് ശേഷവും അനുവദിച്ചു | 1-22 |
| 23 | പശു വളർത്തൽ (വനിതകൾ)-അധികം നിരക്കിൽ സബ്സിഡി അനുവദിച്ചു. | 1-23 |
| 24 | ആട് വളർത്തൽ (വനിതകൾ)-അധികം നിരക്കിൽ സബ്സിഡി അനുവദിച്ചു – 32500/- രൂപ അധികം നൽകി | 1-24 |
| 25 | തെരുവ് വിളക്ക് സ്ഥാപിക്കൽ -അപാകങ്ങൾ – തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-25 |
| 26 | ഇ-ടെണ്ടർ ഫീസ് ലഭ്യമായിട്ടില്ല, നിർമ്മാണതൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. | 1-26 |
| 27 | ഇൻഷ്വറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തുന്നില്ല. | 1-27 |
| 28 | മരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി-കുറഞ്ഞ തുകയുള്ള മുദ്രപത്രം ഉപയോഗിക്കുന്നു. | 1-28 |
| 29 | മുൻകൂർ – ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 1-29 |
| 30 | മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്നതിന് കാലതാമസം | 1-30 |
| 31 | മരാമത്ത് പ്രവൃത്തികൾ അനിയന്ത്രിതമായി സ്പിൽ ഓവർ ആവുന്നത് വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നു. | 1-31 |
| 32 | കരാർ ഉടമ്പടിയിൽ പ്രവൃത്തി പൂർത്തീകരണ തിയ്യതി രേഖപ്പെടുത്തുന്നില്ല-പ്രവൃത്തി പൂർത്തീകരണം അനിശ്ചിതമായി നീളുന്നു. | 1-32 |
| | ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-ചാർജ്ജ് ചെയ്യാവുന്നവ<br>ഇല്ല. | |
| | ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-സർചാർജ്ജ് ചെയ്യാവുന്നവ<br>ഇല്ല. | |
| | | |

| | | |
|---|---|---|
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ. | 4-1 |
| 34 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 37 | വായ്പ/വായ്പാ തിരിച്ചടവ്. | 4-5 |
| 38 | സ്ഥിര നിക്ഷേപം | 4-6 |
| 39 | ഓഡിറ്റ് റിക്കവറി. | 4-7 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്. | 4-8 |
| 41 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 45 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്. | അനുബന്ധം-2-1 |
| 46 | രസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്. | അനുബന്ധം-2-2 |
| 47 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തേക്കുള്ള ബജറ്റ് 26/03/2018 തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 22/02/2019 തീയതിയിലെ 3(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 16-05-2019 | തിരിച്ചയച്ചിട്ടില്ല. | ---- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ്

# പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11036296 |
| വരവ് | 91473342 |
| ആകെ | 102509638 |
| ചെലവ് | 81987667 |
| നീക്കിയിരിപ്പ് | 20521971 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി/ ലാപ്സായത് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23763000 | 23763000 | 21828988 | 1934012 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 646000 | 646000 | 627000 | 19000 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 6990000 | 6990000 | 3389272 | 3600728 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12498000 | 12498000 | 8760684 | 3737316 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5124000 | 5124000 | 3760268 | 1363732 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 13318592 | 13318592 | 10876341 | 2442251 |
| എസ്.എസ്.എ | 64398 | 2898 | 67296 | ഇല്ല | 67296 |
| പശ്ചിമഘട്ട വികസന പദ്ധതി | 652707 | 29372 | 682079 | ഇല്ല | 682079 |
| എം.പി.ഫണ്ട് | 569433 | ഇല്ല | 569433 | ഇല്ല | 569433 |
| സാക്ഷരതാ ഫണ്ട് | 326 | ഇല്ല | 326 | ഇല്ല | 326 |
| ദുരിതാശ്വാസനിധി | 919 | 872 | 1791 | ഇല്ല | 1791 |
| കോർപസ് ഫണ്ട് | 1218192 | 32407 | 1250599 | ഇല്ല | 1250599 |
| ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി | | | | | |
| തൊഴിലാളികളുടെ കൂലി | ഇല്ല | 35449549 | 35449549 | 35449549 | ഇല്ല |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഭരണചെലവ് | | ഇല്ല | 433423 | 433423 | 430172 | 3251 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | | ഇല്ല | 150000 | 150000 | 150000 | ഇല്ല |
| മിശ്രവിവാഹിതരുടെ വിവാഹ ധനസഹായം | | ഇല്ല | 50000 | 50000 | 50000 | ഇല്ല |
| മറ്റ് സ്കീമുകൾ | | ഇല്ല | 40000 | 40000 | 40000 | ഇല്ല |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 5 | 2389700 | 2389705 | 2331324 | 58381 |
| | ജില്ലാ പഞ്ചായത്ത് | 747029 | 2411977 | 3159006 | 2890202 | 268804 |
| ബി ഫണ്ട് | | | 114120 | 114120 | 114120 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7562809 | 15659376 | 23222185 | 14968826 | 8253359 |
| | ട്രഷറി അക്കൗണ്ട് | 220478 | 11454127 | 11674605 | 2313293 | 9361312 |
| ലോൺ (ലൈഫ് മിഷൻ) | | | 9462517 | 9462517 | 9457177 | 5340 |
| ആകെ | | 11036296 | 91473342 | 102509638 | 81987667 | 20521971 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (പൂർത്തിയാക്കിയത്) (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 225 | 130765852 | 127 | 67422143 | 77 | 98 | 56.44 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>പൊതുഅവലോകനം</u>

ഓഡിറ്റ് വർഷത്തിൽ ആകെ പദ്ധതിവിഹിതം ചെലവ് 258,45,260 രൂപയും മെയിന്റനൻസ് ഗ്രാന്റിനത്തിലുള്ള ചെലവ് 125,20,952 രൂപയുമാണ്. ആകെ അംഗീകാരം ലഭിച്ച 225 പദ്ധതികളിൽ പൂർത്തികരിച്ച 127 എണ്ണത്തിനായി ചെലവഴിച്ച തുകയാണിത്. ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ബഹുഭൂരിപക്ഷവും സ്പിൽ ഓവർ പ്രവൃത്തികളാണെന്ന് മാത്രമല്ല തൻവർഷം വിഭാവനം ചെയ്ത പ്രവൃത്തികളിൽ 7

എണ്ണത്തിന് മാത്രമാണ് തുക ചെലവഴിക്കുന്നതിന് സാധിച്ചത്. പദ്ധതി പ്രവർത്തനങ്ങൾ കുറേക്കൂടി കാര്യക്ഷമമായി നടത്തേണ്ടതാണ്.

ഗ്രാമസഭാ യോഗങ്ങൾ ഓഡിറ്റ് വർഷത്തിൽ പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് 3 തവണ ചേർന്നിട്ടുണ്ട്. 2018-19 വർഷത്തിലെ ആദ്യ ഗ്രാമസഭ ചേർന്നിരിക്കുന്നത് 6/2018 ലാണ്.ഇതിൽ മുൻവർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ രണ്ട് തവണ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ യോഗം ചേർന്നിട്ടുള്ളത്.ഇവയിൽ 29.10.2018 ന് ചേർന്നിരിക്കുന്ന വർക്കിംഗ് ഗ്രൂപ്പിൽ പങ്കെടുത്തവർ ഒപ്പിട്ടതായോ തീരുമാനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതായോ കാണുന്നില്ല.10.12.2018 ന് ചേർന്നിരിക്കുന്ന വർക്കിംഗ് ഗ്രൂപ്പാവട്ടെ 2019-20 വർഷത്തെ വികസന സെമിനാറിനോടനുബന്ധിച്ച് ചേർന്നിരിക്കുന്നതുമാണ്.പദ്ധതി പ്രവർത്തനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ വേണ്ട വിധത്തിലുള്ള ഇടപെടൽ നടത്തിയതായി ഇതിൽനിന്നും വ്യക്തമാവുന്നില്ല.വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്തതായും രേഖപ്പെടുത്തലുകളില്ല.

എല്ലാ സ്റ്റാൻഡിംഗ് കമ്മറ്റികളും പ്രതിമാസം യോഗം ചേർന്ന് തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുകയിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സ്ററാൻഡിംഗ് കമ്മറ്റികൾ വിലയിരുത്തിയിട്ടില്ല. ഭരണസമിതിയും എല്ലാ മാസങ്ങളിലും യോഗം ചേരുകയും തീരുമാനങ്ങൾ യഥാവിധി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 433423 | 433423 | 430172 | 3251 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 35882972 | 35882972 | 35882972 | ഇല്ല. |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 114120 | 49 |
| കർഷകതൊഴിലാളി പെൻഷൻ | 4548800 | 371 |
| വിധവാപെൻഷൻ | 12000500 | 1022 |
| വാർദ്ധക്യകാലപെൻഷൻ | 39992000 | 3437 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3888000 | 438 |
| 50 വയസ്സിന് മുകളിൽ | 362100 | 43 |

| | | |
|---|---|---|
| പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.1.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4388രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

# 1-9 ആഭ്യന്തര നിയന്ത്രണം..

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. സ്റ്റാഫ് മീറ്റിംഗ് എല്ലാ മാസവും വിളിച്ച ചേർക്കുകയും ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും ജീവനക്കാർക്ക് ജോലി സംബന്ധിച്ച നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി പിരിവ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തുകയും നികുതി പിരിവ് ഊർജിതപ്പെടുത്തുന്നതിന് സെക്രട്ടറി ജീവനക്കാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഫണ്ട് ഓഫീസ് പ്രവർത്തനം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ കാര്യക്ഷമതമാക്കുന്നതിന് സമയാ സമയങ്ങളിൽ സെക്രട്ടറി നൽകുകയും ചെയ്തിട്ടുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-12-2019 | 2019 നവംബർ | 12-12-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-07-2006 to 10-08-2006 | 1997-98 to 2005-06 | 29-09-2006 |

# 1-11 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1)വാർഷിക കണക്ക് പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്,കലക്ഷൻ,നീക്കിയിരിപ്പ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.
2)ആസ്തി രജിസ്റ്റർ കാലീകമാക്കിയിട്ടില്ല.

# 1-12 എഫ്.ടി.ഇ.& ഒ.എസ്. ലൈസൻസ് അപാകങ്ങൾ

1) 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ 12.2.2018 ലെ 4/4(1) തീരുമാന പ്രകാരം മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് തിരുമാനിച്ചിരുന്നു. എന്നാൽ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരമുള്ള ഫീസിലും കുറഞ്ഞ നിരക്കിലാണ് സേവന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ

| അപേക്ഷന്റെ പേര്/,സ്ഥാപനത്തിന്റെ | മൂലധന നിക്ഷേപം | ഭരണ സമിതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്വഭാവം | (അന്വേഷണ റിപ്പോർട്ട് പ്രകാരം) | നിശ്ചയിച്ച മൂലധന നിക്ഷേപം, ഈടാക്കേണ്ട ഫീസ് | | |
| ജോബി ജോസഫ്,മീൻപറ്റി / പഴം പച്ചക്കറി ഫ്രൂട്ട്സ് വിൽപന | 100,00,000 | 7500001 മുതൽ 15000,000 വരെ 3000രൂപ | 2000 | 1000 |
| എ.ജെ.മാത്യു,കരുവൻഞ്ചാൽ/ പലചരക്ക് കച്ചവടം | 100,00,000 | | 2000 | 1000 |
| ആകെ | | | | 2000 |

തുക കുറച്ച് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/23.01.2020) മറുപടി ഹാജരാക്കിയതിൽ കുറവ് തുകയെ സംബന്ധിച്ച് വ്യക്തത വരുത്തി തുടർനടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2)<u>ഭരണസമിതി തീരുമാനിച്ചതിലും അധിക നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുന്നു.</u>

ഭരണ സമിതിയുടെ 12.2.2018 ലെ 4/4(1) തീരുമാനം പ്രകാരം ഉൽപ്പാദന മേഖലയിൽ ഒരു കോടി മുതൽ രണ്ട് കോടി വരെ മുതൽമുടക്കുള്ള സ്ഥാപനങ്ങൾക്ക് 2000/- രൂപയും സേവന മേഖലയിൽ 7500001 മുതൽ 15000,000 വരെ 3000/- രൂപയുമാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകരിൽ നിന്നും അധിക ഫീസാണ് ഈടാക്കിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| അപേക്ഷകന്റെ പേര് | മൂലധന നിക്ഷേപം (അന്വേഷണ റിപ്പോർട്ട് പ്രകാരം) | ഈടാക്കേണ്ടത് | ഈടാക്കിയത് | അധികം |
|---|---|---|---|---|
| ആയികുഞ്ഞി മുതൽപേർ , പാത്തൻ പാറ | 110,00,000 (ഉൽപാദനം) | 2000 | 5000 | 3000 |
| ജോസഫ് കാഞ്ഞമല, കരുവൻഞ്ചാൽ | 100,00,000 (സേവന) | 3000 | 4000 | 1000 |

അധികം ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/23.01.2020) മറുപടി ഹാജരാക്കിയതിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

# 1-13 വസ്തുനികുതി അപാകങ്ങൾ

<u>എഫ്.ടി.ഇ&ഒ.എസ്. ലൈസൻസ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ് വെയറിലെ രേഖകളും പരിശോധിച്ചതിൽ കണ്ട</u>

അപാകങ്ങൾ

2018-19 വർഷത്തെ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നതായും, 100ച.മി കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 100 ച.മീ. താഴെയുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതായും കണ്ടു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിട നമ്പർ/ വിസ്തീർണം (ച.മീ) | വസ്തു നികുതി നിർണ്ണയിച്ച രീതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ജോസഫ് , മനാട്ട്, പുലിക്കുരുമ്പ | XI/421A<br>30 ച.മീ | ഒരു ച.മീ ന് 3 രൂപ നിരക്കിൽ 154 രൂപ ഈടാക്കിയിട്ടുണ്ട്. | രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണ്. എന്നാൽ സഞ്ചയസോഫ്റ്റ് വെയർ പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമാണ്. |
| 2 | മാർട്ടിൻ മാത്യു, വേങ്കുന്ന് , പുലിക്കുരുമ്പ | XI/348 A<br>221ച.മീ | 221X50 =11050,<br>10% =1105(ഇളവ്),<br>20% =2210 (വർദ്ധനവ്)=12155 | 348 Aയ്ക്ക് 100 ച.മി ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ നിരക്കായ 50 രൂപയും,348 Bയ്ക്ക്,100 ച.മി ന് താഴെയുള്ള വാണിജ്യ കെട്ടിടങ്ങളുടെ നിരക്കായ 30/-രൂപയുമാണ് ഈടാക്കിയിരിക്കുന്നത്.ഒരേ വ്യക്തിയുടെ പേരിലുള്ള ഒരു കെട്ടിടത്തിന്റെമുറികൾ ആയിട്ടും രണ്ട് രീതിയിൽ നികുതി നിർണ്ണയം നടത്തി |
| | | XI/348 B<br>16ച.മീ | 16X30 = 480<br>10% =48(ഇളവ്),<br>20% =96(വർദ്ധനവ്)<br>=528 | |
| 3 | ജോസ് , കാഞ്ഞമല , വായാട്ടുപ്പറമ്പ | I/570 (508ച.മി) , I/572(65ച.മീ),I/573(238ച.മീ) | മൂന്ന് മുറികൾക്കും ഒരു ച.മീ ന് 10രൂപ നിരക്കിലാണ് ഈടാക്കിയിരിക്കുന്നത് | 570,572,573 മുറികൾക്ക് വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരിഷെഡ് ഇവയിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയത്. എന്നാൽ 571 ന് ഇതര വ്യവസായത്തിൽ പെടുത്തി 40/- രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. |
| | | I/571<br>280 ച.മീ | ഒരു ച.മീ ന് 40രൂപ നിരക്കിലാണ് ഈടാക്കിയിരിക്കുന്നത് | |
| 4 | മുളുവേലിപ്പുറത്ത് | XIX /245(138 ച.മീ),246(242 | മൂന്ന് മുറികൾക്കും ഒരു | 245,246,247 മുറികൾക്ക് 100 |

| | | | | |
|---|---|---|---|---|
| | ഫിലിപ്പ് ആലക്കോട് | ച.മീ),247(124 ച.മീ) | ച.മീ ന് 50രൂപ നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത് | ച.മി ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ നിരക്കായ 50 രൂപയും, 244 നം മുറിക്ക് 100 ച.മി ന് താഴെയുള്ള വാണിജ്യ കെട്ടിടങ്ങളുടെ നിരക്കായ 30 രൂപയുമാണ് ഈടാക്കിയിരിക്കുന്നത്. |
| | | XIX /244(48 ച.മീ) | ഒരു ച.മീ ന് 30രൂപ നിരക്കിലാണ് ഈടാക്കിയിരിക്കുന്നത് | |

വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 22/1-2-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളെയും കണ്ടെത്തി അപാകങ്ങൾ പരിഹരിച്ച് വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

<u>2) അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയസോഫ്റ്റ് വെയറിൽ അപ്പ് ലോഡ് ചെയ്തിട്ടില്ല.</u>

അനധികൃത കെട്ടിടങ്ങളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷം 28 കെട്ടിടങ്ങൾ ഉണ്ട്. എന്നാൽ സഞ്ചയസോഫ്റ്റ് വെയർ പരിശോധിച്ചതിൽ അനധികൃതകെട്ടിടങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മേൽ കെട്ടിടങ്ങൾക്ക് നമ്പർ നൽകി നികുതി ഈടാക്കുന്നുണ്ടോ എന്നത് സബന്ധിച്ച വിവരങ്ങളും രജിസ്റ്ററിൽ നിന്നും ലഭ്യമായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 22/1-2-2020 )മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>3) അപേക്ഷകൾ ലഭിക്കാതെ കെട്ടിടങ്ങൾ മുൻകാല പ്രാബല്യത്തോടെ പൊളിച്ചു മാറ്റിയതായികാണിച്ചു.</u>

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, കെട്ടിട ഉടമസ്ഥൻ അത് സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും ആ കെട്ടിടം പൊളിച്ചു കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെ, അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാമായിരുന്ന വസ്തുനികുതി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. എന്നാൽ ഓഡിറ്റ് വർഷം കെട്ടിടം പൊളിച്ചുമാറ്റിയത് സംബന്ധിച്ച് കെട്ടിട ഉടമകൾ നികുതി ഒഴിവാക്കുന്നതിന് അപേക്ഷകൾ നൽകിയതിന് 06.02.2019-ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 13/2019 നമ്പർ ശുപാർശ പ്രകാരം ഭരണസമിതിയുടെ 22.02.19-ൽ ചേർന്ന യോഗത്തിലെ 3(1)/19 തീരുമാന പ്രകാരം മുൻകാല പ്രാബല്യത്തോടെ താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വാർഡ്, കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | അപേക്ഷ നൽകിയ തീയ്യതി | നികുതി ഒഴിവാക്കിയ വർഷം |
|---|---|---|---|
| I ,528 | സെബാസ്റ്റ്യൻ എന്ന ഒ.ദേവസ്യ, വായാട്ടുപറമ്പ | 21-12-18 | 2015-16 രണ്ടാം അർദ്ധവർഷം |
| I, 566 | സ്കറിയ ദേവസ്യ,കരുവൻഞ്ചാൽ | 11-7-18 | 2013-14 ഒന്നാം അർദ്ധവർഷം |
| III , 342 | ജോസഫ് മാളിയേക്കൽ | 3-8-18 | 2013-14 ഒന്നാം അർദ്ധവർഷം |

അപേക്ഷ ലഭിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി കൊടുത്തതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 22/1-2-2020 )മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 തൊഴിൽ നികുതി അപാകങ്ങൾ

2018-19 വർഷത്തെ തൊഴിൽ നികുതി റിട്ടേൺസ് പരിശോധിച്ചതിൽ സ്ഥലംമാറ്റം ലഭിച്ചവരുടെയും , സ്ഥാപനത്തിൽ നിന്നും പിരിഞ്ഞു പോയവരുടെയും ഒന്നാം അർദ്ധവർഷ നികുതിയും, രണ്ടാം അർദ്ധവർഷ നികുതിയും ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ

| സ്ഥാപനത്തിന്റെ പേര് | ഉദ്യോഗസ്ഥരുടെ പേര് | സ്ഥാപനത്തിൽ നിന്നും സ്ഥലം മാറി പോയ/ പിരിഞ്ഞു പോയ തീയതി |
|---|---|---|
| തളിപ്പറമ്പ കാർഷിക വികസന ബാങ്ക് | സുരേശൻ.എം, ബ്രാഞ്ച് മാനേജർ | 24/9/18 |
| എസ്.ബി.ഐ. കരുവൻഞ്ചാൽ ബ്രാഞ്ച് | ആൽബർട്ട്ജോസ് | 8-6-18 |
| | നിനോ പോൾ | 11-6-18 |
| | ഹരിദാസ് .ടി.കെ | 11-6-18 |
| | ആൽബർട്ട് ജോസ് | 8-6-18 |
| ടെക്നിക്കൽ സ്കൂൾ,നടുവിൽ | പ്രസന്ന .പി | 31-5-18 |
| | അബ്ദുൾ മജീദ് | 4-6-18 |
| | ഹൻസൽ സേവ്യർ | 5-6-18 |
| | സുരേഷ് .ജി | 6-7-18 |
| | മുഹമ്മദ് ബഷീർ | 30-6-18 |

മേൽ പറഞ്ഞവരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 4/25-1-2020) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. മേൽ പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ആയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ

മൂന്നാം ഗഡു 21800548/01-10-2018, തുക 117627/-

21800549/01-10-2018, തുക 50841/-

നാലാം ഗഡു 21800553/03-10-2018, തുക 162511/-

ജി.ഒ.(പി) 7/2016/ധന തീയതി 20-02-2016 പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1-ശ്രീ. ബിനുവർഗ്ഗീസ് അസിസ്റ്റന്റ് സെക്രട്ടറി:- സർക്കുലർ നമ്പർ 16/2017/ധന തീയതി 22-03-2017 പ്രകാരം 01-07-2014 നും 31-01-2016 നും ഇടയിൽ ഒന്നിൽ കൂടുതൽ തദ്ദേശ സ്ഥാപനത്തിൽ ജോലി ചെയ്ത ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുമ്പോൾ 01-02-2016 ന് തൊട്ട് മുന്നേ ജോലി ചെയ്ത സ്ഥാപനത്തിൽ നിന്നാണ് കുടിശ്ശിക വിതരണം ചെയ്യേണ്ടത്. ശ്രീ. ബിനുവർഗ്ഗീസ് അസിസ്റ്റന്റ് സെക്രട്ടറി എന്നവർക്ക് 01-07-2014 മുതൽ 31-01-2016 വരെയുള്ള കുടിശ്ശികയായ 59086 രൂപയിൽ 3, 4 ഗഡുക്കൾ 15895, 15331 രൂപ എന്നിവ യാഥാക്രമം അനുവദിച്ചിട്ടുണ്ട്. ജീവനക്കാരൻ 21-08-2015-ൽ നടുവിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് വിടുതൽ ചെയ്തിട്ടുണ്ട്. 01-02-2016 ന് തൊട്ട് മുന്നേ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നാണ് കുടിശ്ശികക്ക് അർഹത. ജീവനക്കാരൻ 01-02-2016 ന് തൊട്ടുമുന്നേ ജോലി ചെയ്ത സ്ഥാപനത്തിൽനിന്ന് കുടിശ്ശിക അനുവദിച്ചിട്ടില്ല എന്നതിന് സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2) ശ്രീ. പത്മനാഭൻ.കെ. അക്കൗണ്ടന്റ്:- ജീവനക്കാരന്റെ അക്വിറ്റൻസ് പ്രകാരം 09/2015 മുതൽ 01/2016 വരെ ₹16180 അടിസ്ഥാന ശമ്പളം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചപ്പോൾ 09/2015 മുതൽ 01/2016 വരെ ₹15380 ആണ് അടിസ്ഥാന ശമ്പളമായി കാണിച്ചത്. ഇത് കാരണം അടിസ്ഥാനശമ്പളത്തിൽ 800 രൂപയും അതിന്റെ ക്ഷാമബത്തയും അധികമായി അനുവദിച്ചിട്ടുണ്ട്. അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

3)ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല.

ജി.ഒ(പി) 7/2016/ധന തീയതി 20-01-2016 ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള നിർണയത്തിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം നേടിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | അബ്ദുൾ അസീസ് കെ പി | സീനിയർ ക്ലർക്ക് |
| 2 | മഞ്ജുഷ എൻ എസ് | സീനിയർ ക്ലർക്ക് |
| 3 | സജി ഇമാനുവൽ | സീനിയർ ക്ലർക്ക് |
| 4 | ബിജി തോമസ് യു | അക്കൌണ്ടന്റ് |

ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിക്കേണ്ടതാണ്.

# 1-16 ക്ഷാമബത്ത കുടിശ്ശിക രേഖകൾ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നമ്പർ 21800246/03-07-2018, 41480 രൂപ

ജി.ഒ(പി)84/2018/ധന തീയതി 07-06-2018 പ്രകാരം 07/2017 മുതൽ 05/2018 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ ജീവനക്കാർ നടുവിൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാത്ത കാലയളവ് ഉൾപ്പെടെയാണ്. ജീവനക്കാർ മുന്നേ ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാതെയാണ് കുടിശ്ശിക അനുവദിച്ചത് വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് തസ്തിക | നടുവിൽ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|
| 1 | ശ്രീ. സുഭാഷ് എം ജി, ഹെഡ് ക്ലാർക്ക് | 12-11-2017 |
| 2 | ശ്രീ സജി സെബാസ്റ്റ്യൻ കെ | 03-11-2017 |
| | | |

| | | |
|---|---|---|
| 3 | ശ്രീ അബ്ദുൾ അസീസ്, സീനിയർ ക്ലാർക്ക് | 18-11-2017 |
| 4 | ശ്രീ രാജേഷ് പി കെ, സീനിയർ ക്ലാർക്ക് | 23-12-2017 |
| 5 | ശ്രീ സജി ഇമാനുവൽ, സീനിയർ ക്ലാർക്ക് | 21-11-2017 |
| 6 | ശ്രീ മോഹനൻ ഒ, ക്ലാർക്ക് | 28-03-2018 |
| 7 | ശ്രീമതി സുനിത, സീനിയർ ക്ലാർക്ക് | 28-03-2018 |
| 8 | ശ്രീ മുരളീധരൻ എം പി, ഓഫീസ് അറ്റൻന്റ് | 04-11-2017 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/27.01.2020) രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ ജീവനക്കാർ മുന്നേ ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

# 1-17 എസ്.എൽ.ഐ., ജി.ഐ.എസ് . വരിസംഖ്യ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിൽ ജി.ഒ.(പി) 149/2016/ധന തീയതി 04-10 -2016 പ്രകാരം നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് ജീവനക്കാരിൽ നിന്നും വരിസംഖ്യ ഈടാക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു. (02/2019 ലെ ശമ്പള ബിൽ അടിസ്ഥാനം)

| ക്രമ നമ്പർ | പേര് | തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കുന്ന വരിസംഖ്യ | ഈടാക്കേണ്ട വരിസംഖ്യ |
|---|---|---|---|---|---|
| 1 | ശ്രീ ഷിഹാബ് | അസിസ്റ്റന്റ് സെക്രട്ടറി | 41500 | 300 | 500 |
| 2 | ശ്രീ അബ്ദുൾ അസീസ് കെ.പി. | സീനിയർ ക്ലർക്ക് | 29900 | 250 | 300 |
| 3 | ശ്രീമതി മഞ്ജുഷ എൻ എസ് | സീനിയർ ക്ലർക്ക് | 25850 | 225 | 300 |

2-ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ജി.ഒ.(പി) 112/2016/ധന തീയതി 01-08-2016 പ്രകാരം നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് ജീവനക്കാരിൽ നിന്നും വരിസംഖ്യ ഈടാക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | തസ്തിക | ശമ്പള സ്കെയിൽ | ഈടാക്കുന്ന വരിസംഖ്യ | ഈടാക്കേണ്ട വരിസംഖ്യ |
|---|---|---|---|---|---|
| 1 | ശ്രീ | അസിസ്റ്റന്റ് | 35700- | 200 | 500 |

| | | | | | |
|---|---|---|---|---|---|
| | ഷിഹാബ് | സെക്രട്ടറി | 75600 | | |
| 2 | ശ്രീ അബ്ദുൾ അസീസ് കെ.പി. | സീനിയർ ക്ലർക്ക് | 25200-54000 | 300 | 400 |

സർക്കാർ നിർദ്ദേശപ്രകാരമുള്ള വരിസംഖ്യ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/01.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-18 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്കുവേണ്ടി തുക ചെലവഴിച്ചുവെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല.

1 ) പ്രോജക്ടിന്റെ പേര് -ഗൃഹകേന്ദ്രീകൃത സാന്ത്വനപരിചരണം

പ്രോജക്ട് നമ്പർ -22/19

അടങ്കൽ - 417000/- (വികസന ഫണ്ട്)

- 600000/- (മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ളവ)

മേൽ പദ്ധതിക്കുവേണ്ടി മരുന്ന് ലഭ്യമാക്കുന്നതിനായി ചെക്ക് നം.2520425, തീ 13-12-18 പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ (അക്കൌണ്ട് (3624001800000019 ) ലേക്ക് 3,00,000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയതിൽ 2,63,998/- രൂപയുടെ മരുന്ന് മാത്രമാണ് സ്റ്റോക്കിലെടുത്തിയിരിക്കുന്നത്. ബാക്കി മരുന്ന് ലഭ്യമായിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/18.02.2020) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പ്രോജക്ടിന്റെ പേര് - പി.എച്ച്.സി ക്ക് മരുന്നുവാങ്ങൽ

പ്രോജക്ട് നമ്പർ -45/19

അടങ്കൽ - 2,00,000/-(മെയിന്റനൻസ് ഫണ്ട്)

ബിൽ നമ്പർ -10/18-19 ,110000/- ,dt .7-1-19

മേൽ ബിൽ പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ (അക്കൌണ്ട് നം 3624001800000019 ) ലേക്ക് 1,10,000/- രൂപ നൽകിയിട്ടുണ്ട്.എന്നാൽ 97,710 /-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 12,290/- രൂപയുടെ മരുന്ന് ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭിച്ചതായി ഓഡിറ്റ് വേളയിൽ പറഞ്ഞിരുന്നെങ്കിലും ആയത് സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും, ബില്ലുകളും ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ, ബില്ലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) രേഖകൾ ഹാജരാക്കിയില്ല:-മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ രേഖകൾ ഹാജരാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

എ) പ്രോജക്ടിന്റെ പേര് - ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് ഫിസിയോതെറാപ്പി ,സ്പീച്ച് തെറാപ്പി & റിഹാബിലിറ്റേഷൻ

പ്രോജക്ട് നമ്പർ -137/19

അടങ്കൽ - 200000/-(വികസന ഫണ്ട്)

ബിൽ നമ്പർ -7/18-19 ,36578/- ,dt .29-11-18

-14/18-19 ,23850/- ,dt .7-2-19

-21/18-19 ,41100/- ,dt .14-3-19

-25/18-19 ,28900/- ,dt .26-3-19

മേൽ പദ്ധതിക്കുവേണ്ടി 1,30,428/- രൂപ ചെലവഴിച്ച് ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ബിഹേവിയറൽ തെറാപ്പി എന്നിവ നടത്തിയവകയിൽ വത്സമ്മ ജോസഫ്, രാഖി രാജൻ, സിത്താര ജോസ് എന്നിവർക്ക് ഹോണറേറിയവും, വണ്ടി വാടകയിനത്തിൽ മൊയ്തീൻ, ബിനിഷ് എന്നവർക്ക് വണ്ടി വാടകതുകയും നൽകിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി എവിടെ വച്ചാണ് നടത്തിയത് എന്നോ, ഏത് തീയ്യതി മുതൽ ഏത് തീയ്യതി വരെ പദ്ധതി നടപ്പിലാക്കി എന്നോ, എത്ര കുട്ടികൾ പങ്കെടുത്തു, അവരുടെ ഹാജർ, ക്ലാസ് നടത്തിയവരുടെ ഹാജർ എന്നിവ സംബന്ധിച്ച യാതൊരു വിവരങ്ങളും ഹാജരാക്കിയിട്ടില്ല.

b) മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ a) 57/18-19 (ലഹരി മുക്ത പരിപാടി), b) 137/18-19 (ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് ഫിസിയോതെറാപ്പി, സ്പിച്ച് തെറാപ്പി & റിഹാബിലിറ്റേഷൻ), c) 276/19 (രോഗ പ്രതിരോധ പ്രവർത്തനങ്ങൾ) എന്നി പദ്ധതിക്കുവേണ്ടി വണ്ടി ഓടിയ വകയിൽ ബിനിഷ് എം.വി, മൊയ്തീൻ, എന്നിവർക്ക് വണ്ടി വാടകയിനത്തിൽ 400 രൂപ മുതൽ 3200 രൂപ വരെ നൽകിയിട്ടുണ്ട്. എന്നാൽ വാഹനം ക്വട്ടേഷൻ വിളിച്ചത് സംബന്ധിച്ച രേഖകൾ ഒന്നും ഇല്ല. കൂടാതെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയതിൽ കിലോ മീറ്റർ രേഖപ്പെടുത്തിയിട്ടുമില്ല. മേൽ പദ്ധതികൾക്കുവേണ്ടി വാടക തുക നിശ്ചയിച്ചത് ഏത് അടിസ്ഥാനത്തിലാണ് എന്നത് സംബന്ധിച്ച വിവരം ഹാജരാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/1-2-2020-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ പരാമർശിച്ചിരിക്കുന്ന അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-19 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ

1) ചെലവ് രേഖകൾ ഹാജരാക്കിയില്ല -15065/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് -അംഗൻവാടിപോഷകാഹാരം
പ്രോജക്ട് നമ്പർ -16/19

അടങ്കൽ - 1500000/- (വികസന ഫണ്ട്)

- 700000/- (കേന്ദ്രാവിഷ്കൃതം)

ചെലവ്
1499609 – വികസന ഫണ്ട്.
699863 – കേന്ദ്രാവിഷ്കൃതം

മേൽ പദ്ധതിക്ക വേണ്ടി വികസന ഫണ്ടിൽ നിന്നും 14,99,609/- രൂപയും, കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 699863/- രൂപയും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് ഉണ്ട്. എന്നാൽ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവഴിച്ച 684798/- രൂപയുടെ ചെലവ് വൗച്ചർ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ഇത് സംബന്ധിച്ച്

ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ 23-08-18 ന് ചെക്ക് നമ്പർ 2520491 പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് 15065/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 15,065/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/1-02-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 15065/-രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2) അധികം തുക നൽകി

ബിൽ നം -4/18-19,23-7-18, തുക 23,598/- പ്രകാരം അംഗൻവാടികളിലേക്ക് പച്ചക്കറികളും, വിറകും വാങ്ങിയ വകയിൽ വർക്കർമാർക്ക് നൽകിയ തുകയിൽ 48-ാം നമ്പർ അംഗൻവാടിയിലെ വർക്കറായ സാറാമ്മ എന്നവർക്ക് 602/- രൂപ നൽകുന്നതിന് പകരം 666/- രൂപ നൽകിയിട്ടുണ്ട്. അധികം തുക നൽകിയതിന്റെ കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/1-02-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

c) സ്റ്റോക്ക് രജിസ്റ്ററിലെ അപാകങ്ങൾ

ബിൽ നം -10/18-19,14-11-18, പ്രകാരം 2,43,215/- രൂപ അങ്കണവാടികളിൽ പോഷകാഹാരം വാങ്ങുന്നതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1,35,194/- രൂപ ചെലവഴിച്ച് natuaral food products, ആലക്കോട് എന്ന സ്ഥാപനത്തിൽ നിന്നും അമൃതം 1839.375 കി.ഗ്രാം അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 1849.500 kg സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബിൽ നം -18/18-19,19-1-19, തുക 186956/- രൂപയിൽ 139907.25 /-രൂപ ചെലവഴിച്ച് 7/7/18 ന് natuaral foodproducts, ആലക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 1903.5 കി.ഗ്രാം. അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിലെടുത്തത് ജനുവരി മാസമാണ്. ന്യൂട്രിമിക്സ് വാങ്ങിയതിന്റെ വില 139907.25/-രൂപ natuaral foodproducts, ആലക്കോടിന് നൽകിയിട്ടുണ്ടെങ്കിലും മേൽ സ്ഥാപനം തുക ലഭിച്ചതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/1-02-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും, തുക കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കേണ്ടതുമാണ്.

# 1-20 ബിൽ സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല. 13,45,421/- രൂപ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

സ.ഉ.(ആർ.ടി) 1948/2019/ധന തീയതി 16-03-2019 പ്രകാരം 3,11,584/- രൂപ റവന്യൂ കലക്ഷൻ ഇൻസന്റീവായും, സ.ഉ. (ആർ.ടി) 1626/2019/ധന തീയതി 02-03-2019 പ്രകാരം 10,33,837 രൂപ പൊതു ആവശ്യഫണ്ട് 12-ാം ഗഡുവായും ഗ്രാമപഞ്ചായത്തിന്റെ സ്പെഷൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ അനുമതി നല്കിയിട്ടുണ്ടെങ്കിലും 26-03-2019 ൽ മാത്രമാണ് ബിൽ ട്രഷറിയിൽ സമർപ്പിച്ചത്. ഇത് കാരണം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 13,45,421/- രൂപ നഷ്ടപ്പെടുവാനിടയായി. ബിൽ സമർപ്പിക്കുന്നതിലെ കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 25/01-02-2020) മറുപടി ലഭിച്ചിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 പത്രപരസ്യത്തിന് അധികനിരക്ക് നൽകുി.

മാതൃഭൂമി പത്രത്തിൽ പരസ്യം നൽകിയതിൽ സർക്കാർ നിശ്ചയിച്ചതിലും അധിക നിരക്കിൽ അനുവദിച്ചിട്ടുണ്ട്. G.O.(Rt)551/15/PRD തീയ്യതി 21.11.2015 പ്രകാരം പരസ്യം പ്രസിദ്ധികരിക്കുന്നതിന് ചതുരശ്ര സെന്റീമീറ്ററിന് ജി.എസ്.ടി. ഒഴികെ അനുവദിക്കാവുന്ന നിരക്ക് 91.75 രൂപയാണ്. എന്നാൽ താഴെ കാണിച്ചിരിക്കുന്ന

പത്രപരസ്യത്തിന് ചതുരശ്ര സെന്റീമീറ്ററിന് (ജി.എസ്.ടി. ഒഴികെ) 275/- രൂപയാണ് നൽകിയിരിക്കുന്നത്. ഇത് കാരണം താഴെ പറയുംപ്രകാരം 24629/- രൂപ അധികം നല്കിയിട്ടുണ്ട്.

| വൗച്ചർ നമ്പർ തീയതി | തുക | ഇനം | അനുവദിച്ച തുക | അനുവദി ക്കാവുന്നത് | അധികം നല്കിയത് |
|---|---|---|---|---|---|
| 21800364/01-08-2018 | 13860 (5%ജി.എസ്.ടി ഉൾപ്പെടെ) | ടെണ്ടർ പരസ്യം | 48X275 =13200 | 48X91.75=4404 | 8796X5% gst(440) =9236 |
| ബിൽ നമ്പർ തീയതി 11/17-10-2018 | 23100 (5%ജി.എസ്.ടി ഉൾപ്പെടെ) | ടെണ്ടർ പരസ്യം | 80X275 =22000 | 80X91.75=7340 | 14660X5% gst(733) =15,393 |

കൂടാതെ ജി.ഒ.(പി)1/2011/പി ആന്റ് എ ആർ ഡി തീയതി 04-01-2011 പ്രകാരം പത്രപരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. ബിൽ നമ്പർ 18/28-01-2019 പ്രകാരം ചന്ദ്രിക ദിനപത്രത്തിന് നല്കിയ പരസ്യത്തിന് ജി എസ് ടി ഉൾപ്പെടെ 5376/- രൂപ നല്കിയിട്ടുണ്ട് ആയതിന് 15% ഡിസ്കൗണ്ടിന് അർഹതയുണ്ട് ആയത് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 8/27-01-2020 പബ്ലിക്ക് റിലേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന നല്കുന്ന പരസ്യങ്ങൾക്ക് മാത്രമാണ് പ്രസ്തുത നിരക്ക് ബാധകമായതെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. പത്രപരസ്യങ്ങൾ പബ്ലിക്ക് റിലേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന നല്കി അർഹമായ ഡിസ്കൗണ്ട് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 തൊഴിൽ രഹിത വേതനം 35 വയസ്സിന് ശേഷവും അനുവദിച്ചു.

18 വയസിനും 35 വയസിനും ഇടയിൽ പ്രായമുള്ളവർക്കാണ് തൊഴിൽ രഹിത വേതനത്തിന് അർഹത. എന്നാൽ വൌച്ചറിനോടൊപ്പം ഹാജരാക്കിയ തൊഴിൽ രഹിത വേതനം അനുവദിക്കുന്ന പത്രിക പരിശോധിച്ചതിൽ താഴെ പറയുന്നവർക്ക് 35 വയസ്സ് പൂർത്തിയായതിന് ശേഷവും തൊഴിൽ രഹിത വേതനം അനുവദിച്ചിട്ടുണ്ട്.

വൗച്ചർ നമ്പർ 21800313/25-07-2018 32640/-

| ക്രമ നമ്പർ | പേര് | റോൾ നമ്പർ | ജനന തീയിതി | അനുവദിച്ച കാലയളവ് | അനുവദി ക്കാവുന്നത് |
|---|---|---|---|---|---|
| 1 | മനോജ് എം സി | 594 | 07-01-1983 | 08-2017 മുതൽ 03-2018 വരെ | 12/2017വരെ |
| 2 | ഷീജ കെ കെ | 761 | 12-08-1982 | 08-2017 മുതൽ 03-2018 വരെ | 07/2017 വരെ |
| വൗച്ചർ നമ്പർ 21801182/21-03-2019 32640/- | | | | | |
| 3 | ഷിജി കെ എൻ | 652 | 29-05-1982 | 01/2017 മുതൽ 08-2017 വരെ | 04/2017വരെ |
| 4 | ഷെറീഫ എം പി | 713 | 13-09-1983 | 05/2018 മുതൽ 12/2018 വരെ | 08/2018 വരെ |

തൊഴിൽരഹിത വേതന വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ വ്യത്യസ്തമായി വൗച്ചറിനോടൊപ്പം ഹാജരാക്കിയ പത്രികയിൽ രേഖപ്പെടുത്തിയത് കാരണം അധികം നല്കിയതിന്റെ കൃത്യത പരിശോധിക്കാൻ

സാധിച്ചിട്ടില്ല. ആയത് പരിശോധിച്ച് അധികം നല്കിയിട്ടുണ്ടെങ്കിൽ തുക തിരിച്ച് പിടിക്കേണ്ടതാണ്.

35 വയസ്സ് പൂർത്തിയായതിന് ശേഷം തൊഴിൽ രഹിത വേതനം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (7/24-01-2020) അധികം നല്കിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 പശുവളർത്തൽ(വനിതകൾ) അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

പ്രോജക്ട് നമ്പർ – 21/18-19

ചെലവ് – 1575000/-

അടങ്കൽ - 31,50,000 ( 15,75,000 വികസന ഫണ്ട് ജനറൽ 15,75,000 തനത്ഫണ്ട്)

പഞ്ചായത്തിൽ പശു വളർത്തലിന് സബ്സിഡി അനു വദിച്ചതിൽ സർക്കാർ നിർദ്ദേശിച്ചതിലും അധിക നിരക്കിൽ അനുവദിച്ചിട്ടുണ്ട്. സ.ഉ.22/2018/തസ്വഭവ തീ. 14.02.18 ഖ.6.2-1 പ്രകാരം അനുവദിക്കാവുന്ന സബ്സിഡി പശുക്കളെ വാങ്ങിയ വിലയുടെ 50% പരമാവധി 27500/- രൂപയാണ്. എന്നാൽ ഗുണഭോക്താക്കൾക്ക് വാങ്ങിയ വിലയുടെ 50%-ൽ അധികം ധനസഹായം അനുവദിച്ചത് കാരണം പഞ്ചായത്തിനുണ്ടായ അധിക ചെലവ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പശുവിന്റെവില (വിലച്ചീട്ട് പ്രകാരം) | ബിൽ നമ്പർ തീയതി | അനുവദിച്ച സബ്സിഡി | അനുവദിക്കാവുന്ന സബ്സിഡി | അധികം നല്കിയത് |
|---|---|---|---|---|---|---|
| 1 | രാജമ്മ കുരുവിനാൽ പകുതിയിൽ കരുവൻചാൽ | 45000 | 2/24-11-2018 50,000 | 25000 | 22500 | 2500 |
| 2 | മേരിക്കുട്ടി മാത്യൂ തകിടിയേൽ ആശാൻകവല | 45000 | 3/24-11-2018 2,20,000 | 25000 | 22500 | 2500 |
| 3 | ജെസി ജോസ് മുന്തിരങ്ങാട്ടുകുന്നേൽ ചെമ്പേരി പുറഞ്ഞാൺ | 45000 | 1/24-11-2018 675,000 | 25000 | 22500 | 2500 |
| 4 | സോണിയ ബാബു ഈന്താകുന്നേൽ വെള്ളാട് നടുവിൽ | 35,000 | 4/19-12-2018 3,25,000 | 25000 | 17500 | 7500 |
| 5 | ബിന്ദു സുനിൽ കുമാർ പുതിയാറുകുളത്ത് വെള്ളാട് | 40000 | 4/19-12-2018 3,25,000 | 25000 | 20,000 | 5000 |
| 6 | സിസിലികുട്ടി പുരയ്ക്കൽ കടിയാൻമല പി ഒ നടുവിൽ | 45000 | 4/19-12-2018 3,25,000 | 25000 | 22,500 | 2500 |
| 7 | മിനിബെന്നി ചേലമറ്റത്തിൽ | 48000 (അക്ഷരത്തിൽ | 4/19-12-2018 | 25000 | 23000 | 2000 |

| | | | | | | |
|---|---|---|---|---|---|---|
| | പൊട്ടൻ പ്ലാവ് | 46000 എന്നാണ് രേഖപ്പെടു ത്തിയത്. തിരുത്തൽ വരുത്തി യിട്ടുണ്ട്) | 3,25,000 | | | |
| 8 | ലൈസ ആന്റണി പുളിക്കൽ മണ്ടളം | 38000 | 4/19-12-2018 3,25,000 | 25000 | 19000 | 6000 |
| 9 | കമലാക്ഷി പി പുതുവക്കൽ നടുവിൽ | 30,000 | 4/19-12-2018 3,25,000 | 25000 | 15000 | 10000 |
| 10 | ഓമന ഒറ്റപ്ലാക്കൽ വെള്ളാട് | 45000 | 7/16-01-2019 1,50,000 | 25000 | 22500 | 2500 |
| 11 | ഹലീമ കൊഴക്കൽ വെള്ളാട് പിഒ | 49000 | 15/06-02-2019 100000 | 25000 | 24500 | 500 |
| 12 | ലിസി മുതകാട്ടിൽ നടുവിൽ പി ഒ | 50000 അക്ഷരത്തിൽ 45000 എന്നാണ് രേഖപ്പെടു ത്തിയത്. തിരുത്തൽ വരുത്തി യിട്ടുണ്ട് | 18/15-02-2019 100000 | 25000 | 22500 | 2500 |
| | | | | | | 46000 |

സർക്കാർ നിർദ്ദേശിച്ചതിലും അധികം സബ്സിഡി നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 13/29-01-2020 ന് പർച്ചേസ് കമ്മിറ്റിയുടെ പരിശോധനയിൽ പശുവിന്റെ വില 54000/- ൽ കൂടുതൽ കണ്ടതിനാലാണ് 25000/- രൂപ വീതം സബ്സിഡി അനുവദിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ വില നിർണ്ണയം സംബന്ധിച്ച് പർച്ചേസ് കമ്മിറ്റി രേഖപ്പെടുത്തലുകൾ ഒന്നും നടത്തിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ വാങ്ങിയ വ്യക്തി, വിറ്റവ്യക്തി, നിർവ്വഹണ ഉദ്യോഗസ്ഥൻ, മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ, വാർഡ് മെമ്പർ എന്നിവർ വില സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഭരണസമിതി പരിശോധിച്ച് അധികം നല്കിയ തുക 46000/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട് ശീർഷകത്തിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 ആട് വളർത്തൽ(വനിതകൾ)- അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു - 32500/- രൂപ അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

പ്രോജക്ട് നമ്പർ – 23/18-19

ചെലവ് – 500000/-

അടങ്കൽ - 10,00,000 (5,00,000/- വികസന ഫണ്ട് ജനറൽ, 5,00,000/- മറ്റുള്ളവ)

പഞ്ചായത്തിൽ ആട്ട വളർത്തലിന് സബ്സിഡി സർക്കാർ നിർദ്ദേശിച്ചതിലും അധിക നിരക്കിൽ അനുവദിച്ചിട്ടുണ്ട്. സ.ഉ.(കൈ)22/2018/തസ്വഭവ തീയതി 14.02.2018 ഖ.6.2-2 പ്രകാരം അനുവദിക്കാവുന്ന സബ്സിഡി പെണ്ണാടുകളെ വാങ്ങിയ വിലയുടെ 50% പരമാവധി 10000 രൂപയാണ്. എന്നാൽ ഗുണഭോക്താക്കൾക്ക് വാങ്ങിയ വിലയുടെ 50%-ൽ അധികം ധനസഹായം അനുവദിച്ചത് കാരണം പഞ്ചായത്തിനുണ്ടായ അധിക ചെലവ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആടിന്റെ വില (വിലച്ചീട്ട് പ്രകാരം) | ബിൽ നമ്പർ തീയതി | അനുവദിച്ച സബ് സിഡി | അനുവദിക്കാവുന്ന സബ് സിഡി | അധികം നല്കിയത് |
|---|---|---|---|---|---|---|
| 1 | സെമീറ ഷറഫുദീൻ കട്ടങ്ങാൻകത്ത് വായാട്ടുപറമ്പ് | 15000 | 3/24-11-2018 2,20,000 | 10000 | 7500 | 2500 |
| 2 | നാരായണി ചിപ്പിലി ആശാൻ കവല വെള്ളാട് | 10000 | 3/24-11-2018 2,20,000 | 10000 | 5000 | 5000 |
| 3 | മേരികുളത്തിനാംതടത്തിൽ | 10000 | 3/24-11-2018 2,20,000 | 10000 | 5000 | 5000 |
| 4 | ലത എൻ വി കുറ്റൂർ വീട് നടുവിൽ | 10000 | 3/24-11-2018 2,20,000 | 10000 | 5000 | 5000 |
| 5 | ആലീസ് മാത്തിപറമ്പിൽ നറുക്കുംകര വെള്ളാട് | 10000 | 6/19-12-2018 40,000 | 10000 | 5000 | 5000 |
| 6 | ലീലാമ്മ മാത്യു പാറാംതോട്, ആശാൻകവല | 12000 | 6/19-12-2018 40,000 | 10000 | 6000 | 4000 |
| 7 | ത്രേസ്യാമ്മ അലകനാനിക്കൽ നടുവിൽ | വില രേഖപ്പെടുത്തിയിട്ടില്ല | 6/19-12-2018 40,000 | 10000 | ----- | |
| 8 | സിജി കെ പി പൊനിച്ചിവിള ചീത്തപ്പാറ | 18000 | 8/16-01-2019 50,000 | 10000 | 9000 | 1000 |
| 9 | കമലാക്ഷി കെ വി നയന വീട്ടിൽ തോയാട് | വില രേഖപ്പെടുത്തിയിട്ടില്ല | 8/16-01-2019 50000 | 10000 | ----- | |

| | | | | | | |
|---|---|---|---|---|---|---|
| 10 | ലളിതാ ഹരിദാസൻ നയനാ വീട്ടിൽ തോയാട് | വില രേഖപ്പെടുത്തിയിട്ടില്ല | 8/16-01-2019 50000 | 10000 | ------ | |
| 11 | സുനിത പവന കുമാർ വെള്ളാട് പി ഒ തലമറ്റത്തിൽ പാത്തങ്ങാടി | 10000 | 13/28-09-2019 30000/- | 10000 | 5000 | 5000 |
| | | | ആകെ | | | 32500 |

സർക്കാർ നിർദ്ദേശിച്ചതിലും അധികം സബ്സിഡി നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 12/29-01-2020 ന് പർച്ചേസ് കമ്മിറ്റിയുടെ പരിശോധനയിൽ ആടിന്റെ വില 20000 ൽ കൂടുതൽ കണ്ടതിനാലാണ് 10000 രൂപ വീതം സബ്സിഡി അനുവദിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ വില നിർണ്ണയം സംബന്ധിച്ച് പർച്ചേസ് കമ്മിറ്റി രേഖപ്പെടുത്തലുകൾ ഒന്നും നടത്തിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ വാങ്ങിയ വ്യക്തി, വിറ്റവ്യക്തി , നിർവ്വഹണ ഉദ്യോഗസ്ഥൻ, മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ വാർഡ് മെമ്പർ എന്നിവർ വില സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അധികം നല്കിയ തുക 32500/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. വിലചീട്ടിൽ തുക രേഖപ്പെടുത്താത്തവയിൽ (ക്ര.നം.7,9,10) യഥാർത്ഥ വില രേഖപ്പെടുത്തേണ്ടതും അർഹമായതിലും അധികം സബ്സിഡി അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

## 1-25 തെരുവ് വിളക്ക് സ്ഥാപിക്കൽ അപാകങ്ങൾ - തുടർനടപടികൾ അറിയിക്കേണ്ടതാണ്.

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ട് നമ്പർ 20/2019 തെരുവ് വിളക്ക് സ്ഥാപിക്കൽ

അടങ്കൽ 614400/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ് )

ചെലവ് 6,08,685/- ( ബിൽ നമ്പർ 20/28-01-2019)

പ്രോജക്ട് പ്രകാരം 187 എൽ.ഇ.ഡി. സ്ഥാപിക്കുന്നതിന് 6,08,685/- രൂപ (187 എണ്ണം @ 3255 ) ചെലവഴിച്ചിട്ടുണ്ട്. ക്രൂസ്, കാസർക്കോട് എന്ന സ്ഥാപനമാണ് തെരുവ് വിളക്കുകൾ വിതരണം ചെയ്തത്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

സെക്രട്ടറി, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ നല്കിയ സാക്ഷ്യപത്ര പ്രകാരം ഇതിൽ 160 എണ്ണം മാത്രമാണ് സ്ഥാപിച്ചത്. ഇത് സംബന്ധിച്ച് കെ എസ് ഇ ബിയിൽ നിന്ന് ഇൻസ്റ്റാലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. സ്ഥാപിക്കാത്ത 27 എണ്ണം നിലവിൽ എവിടെയാണ് സൂക്ഷിച്ചതെന്ന് അറിയിച്ചിട്ടില്ല. സെക്രട്ടറിയുടെ 18-03-2019-ലെ എ1/1868/2019 കത്ത് പ്രകാരം സ്ഥാപിച്ചതിൽ 40 എണ്ണം പ്രവർത്തനരഹിതമാണെന്ന് ക്രൂസിനെ അറിയിച്ചിട്ടുണ്ട്. ക്രൂസുമായി പഞ്ചായത്ത് ഉണ്ടാക്കിയ കരാർ പ്രകാരം വാറന്റി കാലാവധിക്കുള്ളിൽ (24 മാസം) കേടുപാടുകൾ സംഭവിക്കുന്ന പക്ഷം പഞ്ചായത്തിന്റെ രേഖാമൂലം അറിയിപ്പ് ലഭിച്ച് 20 ദിവസത്തിനകം തകരാറുകൾ പരിഹരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എൽ ഇ ഡി തെരുവ് വിളക്കുകൾ പ്രവർത്തന ക്ഷമമാണോയെന്ന് വ്യക്തമല്ല. തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ പരാതി രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. തെരുവ് വിളക്കുകൾ മുഴുവനും പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതും വാങ്ങിയ തെരുവ് വിളക്കുകൾ മുഴുവൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 ടെണ്ടർ ഫീസ് ലഭ്യമായിട്ടില്ല;നിർമ്മാണതൊഴിലാളി ക്ഷേമനിധി;കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.

1)ഇ -ടെണ്ടർ ഫീസ്

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ പ്രവർത്തികളുടെ ടെണ്ടർ ഫീസ് ക്രഡിറ്റ് ചെയ്യപ്പെടുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ്. എന്നാൽ ഇത്തരത്തിൽ ക്രഡിറ്റ് ചെയ്യപ്പെടുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നിട്ടില്ല. നാളിതുവരെ ഈ ഇനത്തിൽ ലഭിക്കുവാനുള്ള തുക കണക്കാക്കിയിരിക്കുന്നതായും കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/31.01.2020) മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടില്ല. നാളിതുവരെയുള്ള ഇ-ടെണ്ടർ ഫീസിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)നിർമ്മാണതൊഴിലാളി ക്ഷേമനിധി;കളക്ഷൻ ചാർജ്ജ്

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് 1996 സെക്ഷൻ 3-3 പ്രകാരം നിർമ്മാണതൊഴിലാളി ക്ഷേമനിധിയിനത്തിൽ കരാറുകാരിൽനിന്നും ഈടാക്കുന്ന തുകയുടെ 1%ഗ്രാമപഞ്ചായത്തിന് കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്.ഇത്തരത്തിൽ തുക 2018-19 വർഷത്തിൽ ഈടാക്കിയിട്ടില്ല. ഭാവിയിൽ നിർമ്മാണതൊഴിലാളി ക്ഷേമനിധിയിലേക്ക് തുക അടവാക്കുമ്പോൾ കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-27 ഇൻഷൂറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തുന്നില്ല.

വൗച്ചർ നമ്പർ -1200503/12-09-2018 11690/-

പഞ്ചായത്തിലെ KL-59-F-5491 നമ്പർ വാഹനം ന്യൂ ഇന്ത്യ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് തളിപ്പറമ്പ എന്ന സ്ഥാപനത്തിലാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷൂറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആയത് പാലിച്ചിട്ടില്ല. ഇൻഷൂറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഈൻഷൂറൻസ് വകുപ്പ് മുഖാന്തിരം നടത്തേണ്ടതാണ്.

# 1-28 മരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി-കുറഞ്ഞ തുകക്കുള്ള മുദ്രപത്രം ഉപയോഗിക്കുന്നു.

കേരള ഫിനാൻസ് ആക്ട് 2018-4(a) (f) എന്നിവ പ്രകാരം ടെൻഡർ ലഭിച്ച കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥനുമായി കരാർ ഉടമ്പടി ചമക്കേണ്ടത് കരാർ തുകയുടെ 0.1%വരുന്ന തുകയ്ക്കാണ്.എന്നാൽ ഇതിന് വിരുദ്ധമായി 2018-19 വർഷത്തിൽ കുറഞ്ഞ തുകയുടെ മുദ്രപത്രമാണ് ഉപയോഗിച്ചത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് /പ്രോജക്ട് നം | കരാർ തുക | ആവശ്യമായ മുദ്രപത്രത്തിന്റെ വില | ഉപയോഗിച്ച സ്റ്റാമ്പ് പേപ്പറിന്റെ വില | കുറവ് |
|---|---|---|---|---|---|
| 1 | പുലിക്കുരുമ്പ -പള്ളിക്കുന്ന് | 290056 | 290 | 150 | 140 |

| | | | | | |
|---|---|---|---|---|---|
| | റോഡ് റീടാറിംഗ്(94/19) | | | | |
| 2 | വാലുമണ്ണേൽ കവല-ഇരുപ്പക്കാട്ട് കവല റോഡ് റീടാറിംഗ്(88/19) | 292452 | 290 | 150 | 140 |

കരാർ ഉടമ്പടികൾ നിയമാനുസൃതമായ തുകയുടെ മുദ്രപത്രത്തിൽ തന്നെ ചമയ്ക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 മുൻകൂർ - ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവർത്തികൾക്ക് മുൻകൂർ നൽകിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന മുൻകൂർ രജിസ്റ്റർ എൽ.എസ്.ജി.ഡി സെക്ഷനിൽ ലഭ്യമല്ല. ആയതിനാൽ തന്നെ നിലവിൽ ഏതെങ്കിലും ഗുണഭോക്തൃകമ്മറ്റിക്ക് മുൻകൂർ നല്കിയിട്ടും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിന് സാധിക്കുന്നില്ല. അതേ സമയം 2014-15 വർഷത്തിൽ കരാർ ഉടമ്പടി ചമച്ച് മുൻകൂർ കൈപ്പറ്റിയ പത്തിമുണ്ട-തോട്ടപ്പള്ളിക്കവല റോഡ് ടാറിംഗ് പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ എഗ്രിമെന്റ് പുതുക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സാങ്കേതികമായി തടസ്സമുണ്ടോയെന്ന് അറിയിക്കുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പ് (പി.എം) പ്രിൻസിപ്പൽ സെക്രട്ടറിയോട് അപേക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 4.2.2019 ലെ അജണ്ട 4 ലെ തീരുമാനം നം.2 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിൽനിന്നും മുകളിൽപറഞ്ഞവിധം മുൻകൂർ ലഭിച്ചിട്ടും പൂർത്തീകരിക്കാത്ത പ്രവർത്തികൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടെന്ന് വ്യക്തമാകുന്നു. ഇത്തരത്തിൽ മറ്റ് പ്രവൃത്തികൾ ഉണ്ടെങ്കിൽ അവ കണ്ടെത്തുകയും തദനുസരണമായി മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, ടെണ്ടർ ഫോറം രജിസ്റ്റർ എന്നിവയും സൂക്ഷിച്ചിട്ടില്ല. മേൽ രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്നതിന് കാലതാമസം-ബില്ലുകൾ ക്യൂ ബില്ലുകളാവുന്നു.

2018-19 വർഷത്തിൽ പ്രവൃത്തി പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളിൽ 97,08,781/- രൂപയുടെ പ്രവൃത്തികൾ സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ സമർപ്പിക്കപ്പെട്ടതിനാൽ ക്യൂ ബില്ലായി മാറിയതിനെ തുടർന്ന് സ്പിൽ ഓവറായി മാറുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ഇവയിൽ പലതും പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം ബില്ല് തയ്യാറാക്കുന്നതിൽവന്ന താമസം കാരണം സംഭവിച്ചതാണെന്ന് പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽനിന്നും വ്യക്തമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ.(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല)

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി പൂർത്തീകരിച്ചതിയ്യതി | ബിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 143/19 | കനകക്കുന്ന് | 25.2.2019 | 28.3.2019 |

| | | | | |
|---|---|---|---|---|
| | | കൊട്ടച്ചോല റോഡ് ടാറിംഗ് | | |
| 2 | 84/19 | പാത്തൻപാറ -പാറേമൊട്ട റോഡ് ടാറിംഗ് | 4.2.2019 | 23.3.2019 |
| 3 | 142/19 | കരുവൻചാൽ -സൈലന്റ് റോഡ് ടാറിംഗ് | 25.2.2019 | 28.3.2019 |

ബില്ലുകൾ യഥാസമയം തന്നെ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തികൾ അനിയന്ത്രിതമായി സ്പിൽ ഓവർ ആവുന്നത് വികസന പ്രവർത്തനത്തെ ബാധിക്കുന്നു.

2018-19 വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്ക് ആകെ ചെലവഴിച്ചിട്ടുള്ളത് 25893207 രൂപയാണ്.ആകെ 74 പ്രോജക്ടുകളുടെ പൂർത്തീകരണത്തിനാണ് ഈ തുക ചെലവഴിച്ചിരിക്കുന്നത്. ഇവയിൽ തൻവർഷത്തെ പ്രോജക്ടുകൾക്കായി ചെലവഴിച്ചത് കേവലം 6 പ്രോജക്ടുകൾക്കായി 2390031/- രൂപയാണ്. അവശേഷിക്കുന്ന 23503176/- രൂപയും 2018-19ൽ ചെലവഴിച്ചിരിക്കുന്നത് 67 സ്പിൽ ഓവർ പ്രോജക്ടുകൾക്കായിട്ടാണ്. ആയതിനാൽ തന്നെ 2018-19 വർഷത്തിൽ തൻവർഷ പ്രോജക്ടായി ഉൾപ്പെടുത്തിയിരുന്ന 86 പ്രവൃത്തികളിൽ 80 എണ്ണവും നടപ്പിലാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് 2018-19 വർഷത്തിൽ ഇത്രയധികം പ്രവൃത്തികൾ സ്പിൽഓവറായി വരുന്നതിനിടയായ സാഹചര്യം വ്യക്തമാക്കണമെന്നും 2019-20 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്ന /ഉപേക്ഷിച്ച പ്രോജക്ടുകളുടെ എണ്ണം വ്യക്തമാക്കണമെന്നും കാണിച്ചുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്പിൽഓവർ പ്രവൃത്തികളുടെ ആധിക്യത്താൽ തൻവർഷപ്രവൃത്തികൾ നാമമാത്രമായി മാത്രം പൂർത്തീകരിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. മാത്രമല്ല 2019-20 വർഷത്തിൽ സ്പിൽ ഓവറായി വെച്ചിരുന്ന 2018-19 വർഷത്തിലെ 20 പ്രവൃത്തികൾ ഫണ്ടിന്റെ അപര്യാപ്തതകാരണം ഉപേക്ഷിക്കുന്നതിനും തീരുമാനം നം1(4)/25.5.2019ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അനിയന്ത്രിതമായ വിധത്തിൽ പ്രവൃത്തികൾ സ്പിൽഓവർ ഓവർ ആവുകയും അവ ഇത്തരത്തിൽ വികസനപ്രവർത്തനങ്ങളെ ബാധിക്കുന്ന തലത്തിലേക്ക് മാറുകയും ചെയ്യുന്നത് ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 കരാർ ഉടമ്പടിയിൽ പ്രവൃത്തി പൂർത്തീകരണതിയ്യതി രേഖപ്പെടുത്തുന്നില്ല;പ്രവൃത്തി പൂർത്തീകരണം അനിശ്ചിതമായി നീളുന്നു.

മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി കരാർ ഉടമ്പടി ചമക്കുമ്പോൾ പൂർത്തീകരണതിയ്യതി രേഖപ്പെടുത്തുന്നില്ല. ആയതിനാൽതന്നെ നിശ്ചിത തിയ്യതികളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനോ പിഴ ഈടാക്കുന്നതിനോ സാധിക്കുന്നില്ല. 2016-17 വർഷത്തിൽ തുടങ്ങിയതും ഗുണഭോക്തൃസമിതി ഏറ്റെടുത്തതുമായ നിരവധി മരാമത്ത് പ്രവൃത്തികൾ തുടർവർഷങ്ങളിൽ സ്പിൽഓവറായി വെക്കുകയും 2018-19,2019-20 വർഷങ്ങളിൽമാത്രം പൂർത്തിയാക്കിയതായും കാണുന്നു. ഇവയുടെ സാങ്കേതികാനുമതിയിൽ പരമാവധി എട്ട്

മാസം മാത്രമാണ് പൂർത്തീകരണത്തിന് ആവശ്യമായി പറഞ്ഞിരിക്കുന്നത്.ഈ പ്രവൃത്തികൾ വർഷങ്ങളോളം നീണ്ടുപോയതിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല.
ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം) | സ്ഥലം കരാറുകാരന് കൈമാറിയ തിയ്യതി | സാങ്കേതികാനുമതി പ്രകാരം പരമാവധി അനുവദനീയമായ സമയ പരിധി | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | കാലതാമസം (സാങ്കേതികാനുമതി പ്രകാരമുള്ള കാലയളവ് പരിഗണിച്ച്) |
|---|---|---|---|---|---|
| 1 | പാറ്റാക്കളം അംഗൻവാടിക്ക് ടൈൽ പാകൽ(163/19) | 23.2.2017 | 23.10.2017 | 18.6.2018 | 7 മാസവും 26 ദിവസവും. |
| 2 | നടുവിൽ-ചാച്ചാജി റോഡ് (185/19) | 9.2.2017 | 2.10.2017 | 18.4.2018 | 6മാസവും 16 ദിവസവും. |
| 3 | ബാലവാടി-കുണ്ടുകണ്ടം റോഡ്(152/19) | 14.2.2017 | 14.10.2017 | 28.3.2018 | 5 മാസവും 14 ദിവസവും. |
| 4 | ഉരുവം പച്ചപ്പുഴ-മണ്ണംകുണ്ട് റോഡ് സോളിംഗ്(182/19) | 2.3.2017 | 2.11.2017 | 21.5.2018 | 6 മാസവും 19 ദിവസവും |

| | | | | |
|---|---|---|---|---|
| 5 | മാവുംചാൽപള്ളി -കൊരണ്ട്കാട്ട കവല റോഡ് റീടാറിംഗ്(178/19) | 3.2.3017 | 3.8.2017 | പൂർത്തീകരിച്ചിട്ടില്ല. |
| 6 | പൊതിവച്ചതട്ട്-നൂലിട്ടാമലറോഡ് ടാറിംഗ്(180/19) | 9.2.2017 | 9.8.2017 | പൂർത്തീകരിച്ചിട്ടില്ല. |
| 7 | നരിയമ്മാവ് മണ്ണംകുണ്ട് റോഡ് സോളിംഗ്(181/19) | 6.3.2017 | 6.9.2017 | പൂർത്തീകരിച്ചിട്ടില്ല. |
| 8 | നടുവിൽ പടിഞ്ഞാറ് -ഓർക്കയം റോഡ് സോളിംഗ്(187/19) | 14.2.2017 | 14.8.2017 | പൂർത്തീകരിച്ചിട്ടില്ല. |
| 9 | ഉടുമ്പംചീത്ത-ജ്യോതിപുരം കരുവേടൻകുന്ന് റോഡ് സോളിംഗ്(188/19) | 7.2.2017 | 7.8.2017 | പൂർത്തീകരിച്ചിട്ടില്ല. |

മുകളിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/30.01.2020) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പൂർത്തീകരണതിയ്യതി രേഖപ്പെടുത്താതെ കരാർ ഉടമ്പടി ചമക്കുന്നതും 2012-ലെ മരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണം അനിശ്ചിതമായി നീണ്ടുപോകുന്നതും ഗുരുതരമായ അപാകമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം

# നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24/07/19, 25/07/19 | KSA/KNR/C13/1323/2019 തീയതി 14/08/2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1400000 | ലൈഫ് ഭവന പദ്ധതി ജനറൽ | 1400000 | 0 |
| | | 300000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 241624 | 58376 |
| | | 659700 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 659700 | 0 |
| | | 30000 | ഒന്നാംക്ലാസ് ഒന്നാംതരം | 30000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | ഗൃഹകേന്ദ്രീകൃത സാന്ത്വന പരിചരണം | 300000 | |
| | | 1136977 | ലൈഫ് ഭവന നിർമ്മാണംജനറൽ | 1120000 | 16977 |
| | | 300000 (2017-18 ലഭിച്ചത്) | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 113173 | 186827 |
| | | 600000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 600000 | |
| | | 10000 | ഒന്നാംക്ലാസ് ഒന്നാംതരം | 10000 | 0 |
| | | 15000 | സുജലം | 0 | 15000 |
| | | 50000 | കാൻസർ നിയന്ത്രിത ജില്ല | 0 | 50000 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന്

മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 17-ാം വാർഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | ടി.സി | 114290 | 114290 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

2018-19 വർഷത്തിൽ മുൻകൂർ നൽകിയിട്ടില്ല (ഖ.നം. 1-30 കാണുക)

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ഭവന പദ്ധതിക്കായി വായ്പയിനത്തിൽ 9462517/- രൂപ വരവുണ്ട്. ഇ.എം.എസ്. ഭവന വായ്പയുടെ തിരിച്ചടവിനത്തിൽ 1775000/- രൂപ ചെലവുണ്ട്. ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ തിരിച്ചടവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.(സാ.ധ)1005/2010/ തസ്വഭവ തീ. 24.03.2010 | 17900000 | 2830650 | 1775000 | 0 | 1055650 |
| ലൈഫ് ഭവന പദ്ധതി | | 9462517 | 0 | 0 | 0 | 9462517 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2889/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12, 2012-13 | 3.2 | 1120 | ഡി.നാരായണൻ കുട്ടി(സെക്രട്ടറി) | 118010104012, 27-12-2018 |
| | 3.10 | 264 | ഇ.അശോക് കുമാർ.എം (സെക്രട്ടറി) | 118010104611, 19-11-2018 |
| 2015-16 | 2.1 | 100 | എം.പി.ഷാനവാസ് (സെക്രട്ടറി) | 118010102141, 14-08-2018 |
| | 3.2 | 236 | എം.പി.ഷാനവാസ് (സെക്രട്ടറി) | 118010102139, 14-08-2018 |
| | 3.3 | 332 | ബിനു വർഗ്ഗീസ് (സെക്രട്ടറി) | 118010104612, 19-01-2019 |
| | 3.3 | 837 | ടി.പി.സഹദേവൻ(സെക്രട്ടറി) | 118010104613, 19-01-2019 |
| | ആകെ | 2889 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3-2 (a) | 2005-06 | | കുരുമുളക് ദ്രുതവാട്ടം | |
| 2007-08 | 3.5 | 2010-11 | 2.14 | ഡെപ്പോസിറ്റ് വർക്ക് ഊർജ്ജ സുരക്ഷാ മിഷനിൽ നിക്ഷേപിച്ച തുക ഉപയോഗ പ്രദമായിട്ടില്ല. | അനർട്ട് തുക സർക്കാരിലേക്ക് തിരിച്ചടച്ചു. |
| 2013-14, 2014-15 | 2.3 | 2016-17 | 2.1 (അനുബന്ധം 4) | തൊഴിൽ നികുതി പിരിവ് അപാകങ്ങൾ | പരിഹരിച്ചിട്ടുണ്ട് |
| 2013-14, | 2.1 | 2016-17 | ഖ-1 (അനുബന്ധം | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 2014-15 | | | 3) | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 91473342 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81987667 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15065 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 15065 | ശ്രീമതി.രസ്ന സദൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രസ്നാസദൻ ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | ആർ.എസ്.ഭവൻ, മുഴപ്പിലങ്ങാട് സൗത്ത്,കണ്ണൂർ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെഎസ്എ/കെ.എൻ.ആർ/സി.13/ 747/2019തി.28.5.2019 | 2 |
| 1999-2000 | കെഎസ്എ/കെ.എൻ.ആർ/സി.13/ 747/2019തി.28.5.2019 | 1 |
| 2000-01 | കെഎസ്എ/കെ.എൻ.ആർ/സി.13/ 747/2019തി.28.5.2019 | 2 |
| 2005-06 | കെഎസ്എ/കെ.എൻ.ആർ/സി.13/ 747/2019തി.28.5.2019 | 2 |
| 2006-07 | കെഎസ്എ/കെ.എൻ.ആർ/സി.13/ 747/2019തി.28.5.2019 | 7 |
| 2007-08 | കെഎസ്എ/കെ.എൻ.ആർ/സി.13/ 747/2019തി.28.5.2019 | 7 |
| 2008-09,09-10,10-11 | കെഎസ്എ/കെ.എൻ.ആർ/സി.13/ 747/2019തി.28.5.2019 | 15 |
| 2011-12,12-13 | കെഎസ്എ/കെ.എൻ.ആർ/സി.13/ 747/2019തി.28.5.2019 | 16 |
| 2013-14,14-15 | കെഎസ്എ/കെ.എൻ.ആർ/സി.13/ 747/2019തി.28.5.2019 | 13 |
| 2015-16 | കെഎസ്എ/കെ.എൻ.ആർ/സി.13/ 747/2019തി.28.5.2019 | 13 |
| 2016-17 | കെഎസ്എ/കെ.എൻ.ആർ/സി.13/ 747/2019തി.28.5.2019 | 17 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി13/ 1245/19 തി.9.10.2019 | 17 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.13/124/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയതി:12.06.2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 രസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Naduvil Grama Panchayat<br>RECEIPT & PAYMENT STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10903717 |
| Cash | Cash | RP-40(a) | 132579 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1184490 |
| 130000000 | Rental income from Panchayat Properties | RP-3 | 17000 |
| 140000000 | Fees & User Charges | RP-4 | 568570 |
| 150000000 | Sale & Hire Charges | RP-5 | 189988 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 61050800 |
| 171000000 | Interest Earned | RP-9 | 246486 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8546838 |
| 350000000 | Other Liabilities | RP-36 | 100000 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0 |
| 311000000 | Earmarked Funds | RP-29 | 872 |
| 330000000 | Secured Loans | RP-32 | 9462517 |
| 340000000 | Deposits Received | RP-34 | 17550 |
| | | | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 273662 |
| 431000000 | Sundry Debtors (Receivables) | RP-43 | 9802569 |
| 460000000 | Loans, Advances and Deposits | RP-47 | 12000 |
| | Grand total | | 102509638 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3841641 |
| 220000000 | Administrative Expenses | RP-12 | 1108477 |
| 230000000 | Operations & Maintenance | RP-13 | 1098094 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7243735 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 31391103 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 63148 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 106068 |
| | PAYMENTS | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 354120 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 10993619 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 24300 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 180000 |
| 280000000 | Prior Period item | RP-26 | -23212 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20000 |
| 350000000 | Other Liabilities | RP-36 | 4823922 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 779 |
| 280000000 | Prior Period Item | RP-26 | -32599 |
| 330000000 | Secured Loans | RP-32 | 1775000 |
| 340000000 | Deposits Received | RP-34 | 24045 |
| 350000000 | Other Liabilities | RP-36 | 2002101 |
| 410000000 | Fixed Assets | RP-38 | 13813921 |
| 412000000 | Capital work in Progress | RP-40 | 2068405 |
| 440000000 | Pre-paid Expenses | RP-45 | 0 |
| 460000000 | Loans, Advances and Deposits | RP-47 | 1111000 |
| | Closing Balance | | |
| | | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 20521971 |
| Cash | Cash | RP-40(b) | 0 |
| | Grand Total | | 102509638 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Naduvil Grama Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4603135 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 17000 |
| 140000000 | Fee & User Charges | I-4(b) | 746420 |
| 150000000 | Sale & Hire Charges | I-5(b) | 189988 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 165845050 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 246486 |
| 180000000 | Other Income | I-9 | 0 |
| | Total Income | | 171648079 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10755835 |
| 220000000 | Administrative Expenses | I-11(b) | 1108477 |
| 230000000 | Operations & Maintenance | I-12(b) | 1098094 |
| 240000000 | Interest & Finance Charges | I-13 | 779 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 7243735 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 67265903 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 63148 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 1881068 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 61145520 |
| | Schemes (not included under Decentralized Plan Programme) | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 10993619 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 24300 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 180000 |
| | Subsidies | | |
| 272000000 | Depreciation | I-17(a) | 4682146 |
| | Total Expenditure | | 166442624 |
| | Gross Surplus/ Deficit of income over Expenditure | | 5205455 |
| 280000000 | Prior Period Item | I-18 | 267412 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4938043 |
| 290000000 | Transfer to Reserve Funds | I-18(a) | 0 |

## അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Naduvil Grama Panchayat<br>BALANCE SHEET<br>As on 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 22252038.18 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 1291 |
| | Agency Fund | | |
| 312000000 | Reserves | B-3 | 68297915 |
| | Total Reserve & Surplus | | 90551244.18 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7151375.57 |
| | Total Grants, Contributions for Specific Purposes | | 7151375.57 |
| | Loans | | |
| 330000000 | Secured Loans | B-5 | 10518167 |
| | Total Loans | | 10518167 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 617401.25 |
| 341000000 | Deposits Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 1135889 |
| 360000000 | Provisions | B-10 | 0 |
| | Total Current Liabilities and Provisions | | 1753290.25 |
| | | | |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 109974077 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 104466024 |
| 411000000 | Accumulated Depreciation | B-11 | -16770264 |
| 412000000 | Capital Work in Progress | B-11(a) | 0 |
| | Total Fixed Assets | | 87695760 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 47496 |
| 440000000 | Pre-paid Expenses | B-16 | 1055650 |
| 450000000 | Cash and Bank Balance | B-17 | 20521971 |
| 460000000 | Loans, Advances and Deposits | B-18 | 653200 |

ഡെപ്യൂട്ടി ഡയറക്ടർ,<br>ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ